# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4291 — 13/12/2018-ൽ മറുപടിക്ക്

### വൈപ്പിൻ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

| | ചോദ്യം<br><br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിൽ മുളവുകാട്, എടവനക്കാട് എന്നീ സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി.യുടെ ഓരോ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) | ലഭിച്ചിട്ടുണ്ട്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവ ശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവുകാട്, എടവനക്കാട് എന്നീ സ്ഥലങ്ങളിൽ പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ